

സി.എം.എഫ്.ആർ.ഐ. ബുക്ക്ലെറ്റ് നമ്പർ: 5/2016



# സി.എം.എഫ്.ആർ.ഐ. ഡ്രൈവർമാർക്കുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ






ഭാരതീയ കാർഷിക ഗവേഷണ സമിതി

**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി**

(ഡി.എ.ആർ.ഇ. ഭാരത സർക്കാർ)

പോസ്റ്റ് ബോക്സ് നം.1603, എറണാകുളം നോർത്ത് പി.ഒ., കൊച്ചി 682 018, കേരളം, ഭാരതം

സി.എം.എഫ്.ആർ.ഐ. ബുക്ക്‌ലെറ്റ് നമ്പർ: 5/2016

# സി.എം.എഫ്.ആർ.ഐ ഡ്രൈവർമാർക്കുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ

**പ്രസിദ്ധീകരണം**
എ. ഗോപാലകൃഷ്ണൻ,
ഡയറക്ടർ,
ഐ.സി.എ.ആർ- കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം,
(ഭാരതീയ കാർഷിക ഗവേഷണ സമിതി)
പോസ്റ്റ് ബോക്സ് നം. 1603, എറണാകുളം നോർത്ത് പി.ഒ.,
കൊച്ചി 682018, കേരളം, ഭാരതം.
www.cmfri.org.in
E-mail: director@cmfri.org.in
Tel: +91 484 2394867
Fax: +91 484 2394909

**തയ്യാറാക്കിയത്**
വിപിൻകുമാർ വി.പി.
പൊന്നമ്മ രാധാകൃഷ്ണൻ
വേണുഗോപാൽ എൻ.
വിജയഗോപാൽ പി.
അരുൺ സുരേന്ദ്രൻ

**ഏകോപനം**
ലൈബ്രറി & ഡോക്യുമെന്റേഷൻ സെന്റർ, സി.എം.എഫ്.ആർ.ഐ.

**കവർ ഡിസൈൻ**
പി.ആർ. അഭിലാഷ്, കെ.എം. ഡേവിഡ്

© 2016 ഐ.സി.എ.ആർ- കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി.

**അച്ചടി**
പ്രിന്റ്എക്സ്പ്രസ്സ്, കൊച്ചി

CMFRI

- ആംബുലൻസ്, പോലീസ് എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ അപകടമുണ്ടായ വിവരം നിങ്ങളുടെ കൺട്രോളിംങ് ഓഫീസറെ (നിയന്ത്രണ അധികാരി) അറിയിക്കണം. നഷ്ടമോ കടപ്പാടോ ഉണ്ടായേക്കാവുന്ന വിധത്തിലുള്ള യാതൊരു പ്രസ്താവനയും നടത്തരുത്.
- മറ്റേ പാർട്ടിക്ക്/എതിർ കക്ഷിക്ക് വാഹനത്തിന്റെ ഇൻഷുറൻസ് വിവരങ്ങളും നിങ്ങളുടെ പേരും മേൽവിലാസവും ഫോൺ നമ്പരും നൽകുക.
- നിങ്ങളുടെ വാഹനത്തിന് എന്തെങ്കിലും കേടുപാടുകൾ കണ്ടാൽ, അവ എങ്ങനെ യുണ്ടായതായാലും കൺട്രോളിംങ് ഓഫീസറുടെ ശ്രദ്ധയിൽപെടുത്തുക.
- തേർഡ് പാർട്ടിയുടെ പേരും മേൽവിലാസവും ശേഖരിച്ച് വയ്ക്കുക.

## താഴെ പറയുന്നവ കുറിച്ചെടുക്കുക

- സാക്ഷികളുണ്ടെങ്കിൽ പേരും മേൽവിലാസവും ഫോൺ നമ്പരും.
- അപകടമുണ്ടായ തിയ്യതിയും സമയവും.
- അപകടം നേരിൽ കാണാൻ സാധ്യതയുള്ളവരുടെ വാഹനത്തിന്റെ രജിസ്റ്റ്രേഷൻ നമ്പർ.
- ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പരും സ്റ്റേഷനും.
- വാഹനത്തിന്റെ ഉടമസ്ഥനാണെങ്കിൽ ഡ്രൈവറുടെ പേരും മേൽവിലാസവും ഫോൺ നമ്പരും, ഉടമസ്ഥന്റേയും പേരും മേൽവിലാസവും ഫോൺ നമ്പരും ശേഖരിക്കുക.
- വാഹനത്തിന്റെ രൂപം, മോഡൽ, നിറം, രജിസ്ട്രേഷൻ നമ്പർ, വാഹനത്തിനുണ്ടായ മൊത്തം കേടുപാടുകൾ, യാത്രക്കാരുടെ എണ്ണം എന്നിവ.

## സഹായത്തിന് സമീപിക്കാവുന്ന നമ്പരുകൾ

| | |
|---|---|
| പോലീസ് | 100 |
| ഫയർഫോഴ്സ് | 101 |
| ആംബുലൻസ് | 102 |
| സി. എം. എഫ്. ആർ. ഐ | 0091-0484-2394867 |
| ഓഫീസർ-ഇൻ-ചാർജ്ജ്-വെഹിക്കിൾ | 0484-2394867/ 323 (Extn.) |
| റസിഡൻസ് | 0484- 2314697 മൊബൈൽ: 9605283390 |
| മേൽവിലാസം | കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, പി. ബി. നമ്പർ 1603 എറണാകുളം നോർത്ത് പി. ഒ. കൊച്ചി- 682 018, കേരളം, ഭാരതം. |
| വെഹിക്കിൾ ഡീലർമാർ (ടോൾഫ്രീ നമ്പരുകൾ) | |
| ടൊയോട്ട | 1800-425-0001 |
| മഹീന്ദ്ര | 1800-425-1624 |
| ഷെവർലെ | 1800-3000-8080 |
| മാരുതി സുസുക്കി | 1800-180-0180 |

**ഡീലർമാരുടെ നെറ്റ്‌വർക്ക് നമ്പരുകൾ വാഹനത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ട വാറന്റി ബുക്ക്ലെറ്റിൽ ലഭ്യമാണ്.**

- ട്രിപ്പിനു മുമ്പുള്ള ചെക്ക്‌ലിസ്റ്റ് ദിവസവും ഓഫീസർ-ഇൻ-ചാർജ്ജ്, വെഹിക്കിളിനും, അദ്ദേഹം മുഖേന ആഴ്ച്ചയിലൊരിക്കൽ ലോഗ്ബുക്ക് സഹിതം വെഹിക്കിൾ നോഡൽ സെക്ഷനിലേക്കും നിർബന്ധമായും പരിശോധനയ്ക്ക് അയക്കേണ്ടതാണ്.
- വാഹനത്തിന് എന്തെങ്കിലും തകരാറുണ്ടെങ്കിൽ ഓടിക്കാൻ പാടില്ല.
- സമയാസമയങ്ങളിൽ സുരക്ഷാമാനദണ്ഡങ്ങൾ അനുസരിച്ച് വാഹനം കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുകയും സർവീസ് ചെയ്യുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.
- യാത്രയുടെ ഉദ്ദേശ്യം (ഇന്റന്റ്) സൂചിപ്പിക്കുന്ന കൃത്യമായ രേഖകളും ഔദ്യോഗിക അനുമതിയുമില്ലാതെ വാഹനം ഓടിക്കരുത്.
- സ്ഥാപനത്തിൽ നിന്നും പുറത്തേക്കിറക്കുന്നതിനു മുമ്പും തിരിച്ചെത്തിയതിനുശേഷവും വാഹനത്തിന്റെ മീറ്റർ റീഡിംഗ് സെക്യൂരിറ്റി ഗേറ്റിൽ രേഖപ്പെടുത്തണം.
- വാഹനം മറ്റൊരു ഡ്രൈവർക്ക് കൈമാറുന്നതിന് മുമ്പ് വാഹനത്തിൽ പൂർണ്ണമായും സ്പെയർ ടയറുകൾ/ഉപകരണങ്ങൾ, മീറ്റർ റീഡിംഗ് എന്നിവയെല്ലാം കൃത്യമാണെന്ന് ഉറപ്പ് വരുത്തണം.
- അനുവദനീയമായ വേഗതയിൽ മാത്രം വാഹനം ഓടിക്കുക.
- വാഹനം പാർക്ക് ചെയ്ത് പുറത്തിറങ്ങുമ്പോൾ താക്കോൽ പുറത്തെടുത്തു വാഹനം ലോക്ക് ചെയ്യുക.
- എതിരെ വരുന്ന വാഹനത്തിന്റെ ഡ്രൈവർക്ക് അലോസരമുണ്ടാകാത്ത വിധം ഹെഡ്‌ലൈറ്റ് ഡിം ചെയ്യുക. മുന്നിൽ പോകുന്ന വാഹനത്തെ 200 മീറ്ററിലും താഴെയായി പിന്തുടരുമ്പോഴും ഹെഡ്‌ലൈറ്റ് ഡിം ചെയ്യുക.
- ഡ്യൂട്ടിയിലുള്ള ഡ്രൈവർമാർ വാഹനം ഓടിക്കാത്ത സമയത്ത് ഡ്രൈവർമാരുടെ മുറിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

## അപകടങ്ങളിലും അടിയന്തിരഘട്ടങ്ങളിലും ഡ്രൈവർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

- അത്യാഹിത സന്ദർഭങ്ങളിലും അടിയന്തിരഘട്ടങ്ങളിലും ഒരിക്കലും സംഭവസ്ഥലം വിട്ടുപോകുവാൻ പാടില്ല.
- തീ പിടിക്കാതിരിക്കാൻ വാഹനം നിർത്തുകയും എഞ്ചിൻ ഓഫ് ചെയ്യുകയും ചെയ്യുക.
- അപായവിളക്കുകൾ (വാണിംഗ് ലൈറ്റുകൾ) തെളിക്കുക.
- നിങ്ങളുടെ പ്രഥമ കർത്തവ്യം അപകടത്തിൽപ്പെട്ട മനുഷ്യരുടെ സുരക്ഷിതത്വവും സംരക്ഷണവുമാണ്. മുറിവേൽക്കുകയോ തീ കൊണ്ട് അപകടമുണ്ടാകുകയോ ചെയ്യുമ്പോൾ ഉടൻ ആംബുലൻസ് വിളിച്ചുവരുത്തുക.
- വാഹനത്തിന് അപകടങ്ങളിൽ സംഭവിക്കുന്ന കേടുപാടുകൾക്ക് പരിഹാരമായി ആരിൽ നിന്നും പണം സ്വീകരിക്കാൻ പാടില്ല.
- ദൂരസ്ഥലങ്ങളിൽ സംഭവിക്കുന്ന അപകടങ്ങൾ അതാത് പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ ഉടൻ റിപ്പോർട്ട് ചെയ്യണം.

17. ട്രാഫിക് സിഗ്നലുകളും ദിശാനിയന്ത്രണ സംവിധാനങ്ങളും അനുസരിക്കുന്നതിൽ വീഴ്ച്ച വരുത്തരുത്.
18. മറ്റു ഡ്രൈവർമാരുടെ സിഗ്നലുകൾ അനുസരിക്കുന്നതിൽ വീഴ്ച്ച വരുത്തരുത്.
19. അനുചിതമായ വിധം പാർക്കുചെയ്യുകയോ മറി കടന്നു പോകുകയോ ചെയ്യരുത്.

## ഡ്രൈവർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

- സുരക്ഷിതമായി വാഹനമോടിക്കുകയെന്നതാണ് ഡ്രൈവറുടെ പ്രഥമ ഉത്തരവാദിത്വം.
- ആർ. സി. ബുക്ക്, ഇൻഷുറൻസ്, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാഹനത്തിൽ സൂക്ഷിക്കണം. ദീർഘദൂരയാത്രയ്ക്ക് മുമ്പ് ഈ രേഖകളുടെ ഒറിജിനലുകൾ ഓഫീസിൽ നിന്ന് കൈപ്പറ്റുകയും യാത്രയ്ക്കു ശേഷം തിരിച്ചേൽപ്പിക്കുകയും ചെയ്യേണ്ടതാണ്.
- അംഗീകൃത ഡ്രൈവർ എല്ലാ മോട്ടോർ വാഹന നിയമങ്ങളും കൃത്യമായി പാലിക്കുകയും വാഹനം എല്ലായ്പ്പോഴും നന്നായി പരിപാലിക്കുകയും വേണം.
- എല്ലാ ഡ്രൈവർമാരും വാഹനം ദിവസവും കഴുകുകയും പൊടി ഇല്ലാത്ത വിധം വൃത്തിയായും വെടിപ്പായും യാത്രയ്ക്ക് മുമ്പ് സജ്ജമാക്കുകയും ചെയ്യേണ്ടതാണ്.
- യാത്രയ്ക്കിടയിലെ ബ്രേക്ക്ഡൗൺ ഒഴിവാക്കാൻ ഡ്രൈവർ വാഹനം മൊത്തത്തിൽ ഇടയ്ക്ക് പരിശോധിക്കുകയും ഓടാൻ യോഗ്യമാണെന്നും വാഹനത്തിന്റെ എല്ലാ ഘടകങ്ങളും ശരിയായി പ്രവർത്തിക്കുന്നുവെന്നും ഉറപ്പു വരുത്തുകയും ചെയ്യണം. ഏതെങ്കിലും ഘടകം ശരിയായി പ്രവർക്കുന്നില്ലെങ്കിലോ പ്രശ്നങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുകയോ ചെയ്താൽ അത് ഡ്രൈവറുടെ ട്രിപ്പിനു മുമ്പുള്ള ചെക്ക് ലിസ്റ്റിൽ (പരിശോധനപ്പട്ടികയിൽ) രേഖപ്പെടുത്തുകയും അത് പരിഹരിച്ചതിനുശേഷം എല്ലാ ഘടകങ്ങളും സുരക്ഷിതമെന്നും കേടുപാടുകൾ തീർക്കുകയോ പകരം വയ്ക്കുകയോ ചെയ്തുവെന്നും സുരക്ഷാമാനദണ്ഡങ്ങൾ അനുസരിക്കുന്നുവെന്നും യാത്ര ആരംഭിക്കുന്നതിനുമുമ്പ് സാക്ഷ്യപ്പെടുത്തണം.
- ഔദ്യോഗിക ഡ്രൈവർമാർ അംഗീകൃത യൂണിഫോം, ഓഫീസ് നൽകിയ ഔദ്യോഗിക തിരിച്ചറിയൽ കാർഡ് എന്നിവ ധരിച്ചിരിക്കണം. കരാറിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ അംഗീകൃത യൂണിഫോം, സേവനദാതാക്കൾ നൽകിയ തിരിച്ചറിയൽ കാർഡ് എന്നിവ ധരിച്ചിരിക്കണം.
- വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണം. ഒരേ ദിവസം ഒന്നിൽ കൂടുതൽ ഡ്രൈവർമാർ ഒരേ വാഹനം കൈകാര്യം ചെയ്യുന്ന അവസരങ്ങളിൽ ഡ്രൈവർമാരുടെ പേര് ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയും ട്രിപ്പിനുമുമ്പുള്ള ചെക്ക് ലിസ്റ്റിൽ (പരിശോധനപ്പട്ടികയിൽ) ഒപ്പ് രേഖപ്പെടുത്തി വാഹനത്തിൽ സൂക്ഷിക്കുകയും വേണം.

## ഡ്രൈവർമാർക്കുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ

1. മോട്ടോർ വാഹനനിയമങ്ങളനുസരിച്ച് മാത്രമേ ഡ്രൈവർ വാഹനമോടിക്കാവൂ.
2. വാഹനത്തിൽ അനുവദിക്കാവുന്ന യാത്രക്കാരുടെ എണ്ണം വാഹനത്തിലുള്ള സീറ്റ് ബെൽറ്റുകളുടെ എണ്ണത്തിൽ കൂടുവാൻ പാടില്ല. ഡ്രൈവറും മറ്റു യാത്രക്കാരും നിർബ ന്ധമായും സീറ്റ്ബെൽറ്റ് ധരിച്ചിരിക്കണം.
3. വാഹനമോടിക്കുമ്പോൾ സെൽഫോൺ ഉപയോഗിക്കരുത്. വാഹനം സുരക്ഷിതമാ യൊരിടത്ത് നിർത്തിയതിനു ശേഷം സെൽഫോൺ ഉപയോഗിക്കുക.
4. ദീർഘദൂര ഓട്ടങ്ങളിൽ ഒന്നിലധികം അംഗീകൃത ഡ്രൈവർമാർ ഉണ്ടെങ്കിൽ അവർ രണ്ടുമണിക്കൂർ ഇടവിട്ട് മാറി മാറി ഡ്രൈവറുടെ ജോലി നിർവഹിക്കണം.
5. ആവശ്യത്തിന് ഡ്രൈവർമാർ മാറാൻ ഇല്ലെങ്കിൽ രാത്രി വിശ്രമത്തിനായി താമസസ്ഥലം ആസൂത്രണം ചെയ്യണം.
6. ഒരു ഡ്രൈവറും 10 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി വാഹനമോടിക്കാൻ പാടില്ല.
7. അർദ്ധരാത്രിയ്ക്കു ശേഷം വാഹനമോടിക്കുന്നത് ഒഴിവാക്കുക.
8. വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടേക്കാവുന്ന സാഹചര്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം.(ഉദാഹരണം: ഉറക്കം വരുന്ന അവസ്ഥ, ശ്രദ്ധക്കുറവനുഭവപ്പെടൽ, റോ ഡിന്റെ ഘടനയനുസരിച്ച് അമിതവേഗത്തിൽ വാഹനം ഓടിക്കൽ, സെൽഫോൺ ഉപ യോഗിക്കുന്നതുപോലെ മറ്റു കാര്യങ്ങളിൽ ശ്രദ്ധമാറി വാഹനമോടിക്കുന്ന അവസ്ഥ)
9. കാലാവസ്ഥ അനുയോജ്യമല്ലാത്ത പരിതസ്ഥിതിയിൽ സുരക്ഷിതമായ ഒരു സ്ഥലം കണ്ടെത്തി രാത്രി വിശ്രമിക്കേണ്ടതാണ്.
10. വാഹനം നിർത്തിയിടേണ്ട അവസരങ്ങളിൽ എഞ്ചിൻ ഓഫ് ചെയ്ത് താക്കോൽ പുറത്തെടുത്ത് വാഹനം ലോക്ക് ചെയ്യേണ്ടതാണ്.
11. ലഹരി പാനീയങ്ങൾ കഴിച്ചോ മയക്കുമരുന്നുകൾ ഉപയോഗിച്ചോ വാഹനം ഓടിക്കുവാൻ പാടില്ല.
12. അനൗപചാരികമായി യാത്രക്കാരെ ഔദ്യോഗിക യാത്രകളിൽ വാഹനങ്ങളിൽ സഞ്ച രിക്കാൻ അനുവദിക്കരുത്. എന്തെങ്കിലും വ്യത്യസ്തത വേണ്ട അവസരങ്ങളിൽ സ്ഥാ പനത്തിന്റെ ഡയറക്ടറുടെ ലിഖിതമായ ഔദ്യോഗിക അനുമതി നിശ്ചിത ഫോറത്തിൽ കിട്ടിയിരിക്കണം.
13. വാഹനത്തിൽ ആരും തന്നെ ലഹരി പാനീയങ്ങളോ നിയമാനുസൃതമല്ലാത്ത മയക്കുമരുന്നോ കയ്യിൽ വയ്ക്കാനോ കൊണ്ടുപോകാനോ ഉപയോഗിക്കാനോ പാടില്ല.
14. ഡ്രൈവറുടെ കൈകൾ സ്റ്റിയറിംഗിലും കണ്ണും മനസ്സും റോഡിലും ശ്രദ്ധ കേന്ദ്രീകരിച്ചുവേണം വാഹനം ഓടിക്കാൻ.
15. മുമ്പിൽ പോകുന്ന വാഹനത്തിന്റെ വളരെ അടുത്തായി പിന്തുടരരുത്.
16. തടസ്സങ്ങൾ നീക്കുന്നതിൽ വീഴ്ച്ച വരുത്തരുത്.